മണിയാർ ടൂറിസം പദ്ധതി

118(410) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണിയാർ ടൂറിസം പദ്ധതിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഈ തുക ഉപയോഗിച്ച് എന്തൊക്കെ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; ഈ പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; ഇവയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

മണിയാർ ടൂറിസം പദ്ധതിക്ക് 50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രവേശന കവാടം, ബോട്ടിംഗ് ഏരിയായുടെ വികസനം, പവലിയൻ, പാർക്കിംഗ് ഏരിയയുടെ വികസനം, ഫുഡ്കോർട്ട്, ടോയിലറ്റ് എന്നിവയാണ് ഉദ്ദേശിക്കുന്നത്. നിർമ്മാണം ആരംഭിച്ചിട്ടില്ല. സിഡ്കോയെ ആണ് നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിരിക്കുന്നത്. വിശദമായ ഡ്രായിംഗ് നടപടികൾ പൂർത്തീകരിച്ച് ഉടൻ പണി ആരംഭിക്കാൻ കഴിയുമെന്ന് കരുതുന്നു. അതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്.

തുമ്പൂർമുഴി-ഏഴാറ്റുമുഖം റോപ് വേ

119(411) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുമ്പൂർമുഴി-ഏഴാറ്റുമുഖം ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ടൂറിസ്റ്റുകൾക്ക് വിനോദസഞ്ചാരത്തിന് ഉതകുന്ന വിധത്തിൽ റോപ് വേ, കേബിൾ കാർ എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) ഇക്കാര്യം ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരുന്നു. വിശദമായ മറുപടി ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly